ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:29-10-2024**

## പ്രധാനവാർത്തകൾ

1). **രാജ്യത്തെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. റോസ്ഗാർ മേളയുടെ ഭാഗമായി 51,000 നിയമനക്കത്തുകൾ പ്രധാനമന്ത്രി വിതരണം ചെയ്തു.**

2). **രാജ്യത്ത് തൊഴിൽ സൃഷ്ടിക്കുന്നതിൽ റോസ്ഗാർ മേളയുടെ പങ്ക് വളരെ വലുതാണെന്ന് കേന്ദ്രമന്ത്രി ചിരാഗ് പാസ്വാൻ തിരുവനന്തപുരത്ത് പറഞ്ഞു. മേളയോടനുബന്ധിച്ച് കൊച്ചിയിൽ നടന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പങ്കെടുത്തു.**

3). **കാസർഗോഡ് നീലേശ്വരത്ത് ഉണ്ടായ വെടിക്കെട്ട് അപകടത്തിൽ പരിക്കേറ്റ നാല് പേരുടെ നില ഗുരുതരം. നൂറോളം പേർ ചികിൽസയിൽ.**

4). **ധന്വന്തരി ജയന്തി ദിനത്തോടനുബന്ധിച്ച് ആരോഗ്യ മേഖലയിൽ 12,850 കോടി രൂപയുടെ പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കും.**

5). **കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും നാമ നിർദ്ദേശ പത്രിക പിൻവലിക്കാനുള്ള അവസാന തീയതി നാളെ.**

6). **ഇന്ത്യ-ന്യൂസിലൻഡ് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാനത്തെ മത്സരം ഇന്ന് അഹമ്മദാബാദിൽ.**

RNU TVPM

****************************************************

**<u>പ്രധാനമന്ത്രി -റോസ്ഗർ മേള - (ഇൻട്രോ)</u>**

രാജ്യത്തെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. റോസ്ഗാർ മേളയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളിലും സംഘടനകളിലും പുതുതായി നിയമിതരായവർക്ക് വീഡിയോ കോൺഫറൻസിംഗിലൂടെ നിയമനക്കത്തുകൾ വിതരണം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. യുവാക്കൾക്ക് സ്ഥിരം സർക്കാർ ജോലി ഉറപ്പാക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണെന്നും അദ്ദേഹം പറഞ്ഞു.

<u>(ഹോൾഡ്.......................)</u>

51,000 ലേറെപ്പേർക്കാണ് നിയമന കത്തുകൾ കൈമാറിയത്. രാജ്യത്തെ 40 കേന്ദ്രങ്ങളിലാണ് റോസ്ഗാർ മേള സംഘടിപ്പിക്കുന്നത്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം രാഷ്ട്രനിർമ്മാണത്തിൽ ഭാഗഭാക്കാകാൻ യുവാക്കൾക്ക് അവസരങ്ങൾ നൽകുകയാണ് മേളയുടെ ലക്ഷ്യം. പുതുതായി നിയമിതരായവർക്ക് കർമ്മയോഗി പ്രാരംഭ് മുഖേന അടിസ്ഥാന പരിശീലനം നേടാനുള്ള അവസരവും ലഭിക്കും.

RIU TVPM

****************************************************

**<u>ചിരാഗ് പാസ്വാൻ(ഇൻട്രോ)</u>**

രാജ്യത്ത് തൊഴിൽ സൃഷ്ടിക്കുന്നതിൽ റോസ്ഗാർ മേളയുടെ പങ്ക് വളരെ വലുതാണെന്ന് കേന്ദ്രമന്ത്രി ചിരാഗ് പാസ്വാൻ. ദേശീയ തല റോസ്ഗാർ മേളയുടെ ഭാഗമായി തപാൽ വകുപ്പിൻറെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു കേന്ദ്രമന്ത്രി. യുവാക്കളുടെ ശാക്തീകരണത്തിലും രാഷ്ട്ര വികസനത്തിലും റോസ്ഗാർ മേള

ഒരു പ്രേരക ശക്തിയാണ്. വികസനം, യുവത്വം എന്നിവയോടുള്ള പ്രധാനമന്ത്രിയുടെ പ്രതിബദ്ധതയിലേക്കുള്ള ചുവടുവയ്പ്പാണ് ഇതെന്നും അദ്ദേഹം പറഞ്ഞു.

**(വോയിസ്................)**

റോസ്ഗാർ മേളയുടെ ഭാഗമായി കൊച്ചിയിൽ സംഘടിപ്പിച്ച പരിപാടിയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി നിയമനപത്രങ്ങൾ കൈമാറി.

****************************************************

**<u>കാസർകോട് വെടിക്കെട്ട് - (ഇൻട്രോ)</u>**

കാസർഗോഡ് നീലേശ്വരം അഞ്ഞൂറ്റംബലം വീരർക്കാവ് കളിയാട്ട മഹോൽസവത്തിനിടെ പടക്കങ്ങൾ സൂക്ഷിച്ചിരുന്ന സ്ഥലത്ത് ഉണ്ടായ പൊട്ടിത്തെറിയിൽ 150- ലേറെപ്പേർക്ക് പരിക്കേറ്റു. ഇതിൽ 90- ൽ അധികം പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. പരിക്കേറ്റവരിൽ നാല് പേരുടെ നില അതീവ ഗുരുതരമാണ്.

**വിശദാംശങ്ങളുമായി ആകാശവാണി**
**കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ...**
**(വോയിസ്......)**

****************************************************

**<u>കാസർകോട് അപകടം-കണ്ണൂർ</u>**

കാസർഗോഡ് വെടിക്കെട്ട് അപകടത്തിൽ ഗുരുതരമായി പരുക്കേറ്റ 6 പേരെ കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 4 പേർ അതിതീവ്ര പരിചരണ വിഭാഗത്തിലും 2 പേർ തീവ്ര പരിചരണ വിഭാഗത്തിലുമാണ്. അഞ്ചുപേർ കണ്ണൂർ പരിയാരം സർക്കാർ മെഡിക്കൽ കോളേജിൽ ചികിത്സയിലുണ്ട്. കണ്ണൂർ ചാലയിലെ സ്വകാര്യ ആശുപത്രികളിൽ 31 പേരെയാണ്

PIU TVPM

പ്രവേശിപ്പിച്ചത്. ഇതിൽ 4 പേരുടെ നില ഗുരുതരമാണെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

**************************************************

## ദേശീയ ആയുർവേദ ദിനം

ഇന്ന് ഒൻപതാമത് ദേശീയ ആയുർവേദ ദിനം. ഇന്ത്യയുടെ പരമ്പരാഗത ചികിത്സാ സമ്പ്രദായമാണ് ആയുർവേദം. ആയുർവേദ തത്വങ്ങൾ, ഔഷധ സസ്യങ്ങൾ, ജീവിതശൈലി രീതികൾ എന്നിവയെക്കുറിച്ച് അവബോധം വളർത്തുന്നതിനാണ് 2016 മുതൽ എല്ലാ വർഷവും ധന്വന്തരി ജയന്തി എന്ന പേരിൽ ആയുർവേദ ദിനം ആചരിക്കുന്നത്. "ആഗോള ആരോഗ്യത്തിനായി ആയുർവേദത്തിലെ നൂതന മാറ്റം" എന്നതാണ് ഈ വർഷത്തെ പ്രമേയം. 150-ലധികം രാജ്യങ്ങൾ ഈ വർഷത്തെ ആഘോഷങ്ങളിൽ പങ്കുചേരുന്നുണ്ട്. ദിനാചരണത്തോടനുബന്ധിച്ച് ഡൽഹി എയിംസിൽ നടക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിംഗ് വഴി പങ്കെടുക്കും.

**************************************************

## പ്രധാനമന്ത്രി-ധന്വന്തരി ജയന്തി

ധന്വന്തരി ജയന്തി ദിനത്തോടനുബന്ധിച്ച് ആരോഗ്യ മേഖലയിലെ 12,850 കോടി രൂപയുടെ പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കും. ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജനയിലൂടെ രാജ്യത്തെ 70 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ പൗരന്മാർക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്ന സുപ്രധാന പദ്ധതിയും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. വരുമാനം പരിഗണിക്കാതെ എല്ലാ മുതിർന്ന പൗരന്മാരിലേക്കും ആരോഗ്യ പരിരക്ഷ വ്യാപിപ്പിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

RNUTVPM

രാജ്യത്തെ ആദ്യ ഓൾ ഇന്ത്യ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടിൻറെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കും പ്രധാനമന്ത്രി ഇന്ന് തറക്കല്ലിടും.

****************************************************

## തിരഞ്ഞെടുപ്പ് -സൂക്ഷ്മപരിശോധന

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും നാമ നിർദ്ദേശ പത്രിക പിൻവലിക്കാനുള്ള അവസാന തീയതി നാളെ അവസാനിക്കും. ഇന്നലെ പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായപ്പോൾ മൂന്ന് മണ്ഡലങ്ങളിലുമായി 35 പത്രികകളാണ് സ്വീകരിച്ചത്. അതേസമയം, മണ്ഡലങ്ങളിൽ മുന്നണികൾ പ്രചാരണം സജീവമായി തുടരുകയാണ്. അടുത്ത മാസം 13-നാണ് വോട്ടെടുപ്പ്.

****************************************************

## മുൻകൂർ ജാമ്യാപേക്ഷ തള്ളി

എ ഡി എം, കെ നവീൻ ബാബുവിൻറെ മരണവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡൻറ് പി പി ദിവ്യ നൽകിയ മുൻകൂർ ജാമ്യാപേക്ഷ കോടതി തള്ളി. തലശ്ശേരി ജില്ലാ സെഷൻസ് കോടതിയാണ് അപേക്ഷ തള്ളിയത്. വിധിയിൽ സന്തോഷമുണ്ടെന്ന് നവീൻ ബാബുവിൻറെ കുടുംബം മാധ്യമ പ്രവർത്തകരോട് പറഞ്ഞു.

****************************************************

## വനിതാ ഏകദിന ക്രിക്കറ്റ്

അഹമ്മദാബാദിൽ നടക്കുന്ന വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരത്തിൽ ഇന്ത്യ ഇന്ന് ന്യൂസിലൻഡിനെ നേരിടും.

RNU TVPM

പരമ്പരയിൽ നിലവിൽ ഓരോ മത്സരം വീതം വിജയിച്ച് ഇരു ടീമും സമനിലയിലാണ്. ഉച്ചയ്ക്ക് 1.30-ന് മത്സരം ആരംഭിക്കും.

********************************************************

**സ്കൂൾ ശാസ്ത്രോത്സവം-മലപ്പുറം**

മലപ്പുറം റവന്യൂ ജില്ലാ സ്കൂൾ ശാസ്ത്രോത്സവം മേലാറ്റൂർ ആർ.എം ഹയർ സെക്കൻഡറി സ്കൂളിൽ തുടങ്ങി. 17 ഉപജില്ലകളിലെ പതിനായിരത്തോളം വിദ്യാർഥികളും മൂവായിരത്തോളം അധ്യാപകരും മേളയുടെ ഭാഗമാകും. മേലാറ്റൂർ എ.എൽ.പി സ്കൂളിലടക്കം ഒരുക്കിയ 103 സ്റ്റാളുകളിലാണ് മത്സരം.

********************************************************

**ശബരിമല**

ചിത്തിര ആട്ടവിശേഷ തിരുനാളിനായി ശബരിമല ക്ഷേത്ര നട നാളെ വൈകിട്ട് അഞ്ചിന് തുറക്കും. തന്ത്രി കണ്ഠരര് രാജീവരുടെയും മകന് കണ്ഠരര് ബ്രഹ്മദത്തൻ്റെയും സാന്നിദ്ധ്യത്തിൽ മേൽശാന്തി വി.എൻ.മഹേഷ് നമ്പൂതിരി നടതുറന്ന് ദീപം തെളിയിക്കും. നാളെ പ്രത്യേക പൂജകളില്ല. 31-നാണ് ചിത്തിര ആട്ടവിശേഷം. 31- ന് പൂജകൾ പൂർത്തിയാക്കി രാത്രി 10-ന് നട അടയ്ക്കും.

********************************************************

**വാർത്താലാപ്**

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോ പ്രാദേശിക മാധ്യമ പ്രവർത്തകർക്കായി സംഘടിപ്പിച്ച ഏകദിന മാധ്യമ ശിൽപശാല 'വാർത്താലാപ്' 2024 കൊല്ലത്ത് പുരോഗമിക്കുന്നു. കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ചൈത്ര തെരേസ ജോൺ ശിൽപശാലയുടെ ഉദ്ഘാടനം നിർവഹിച്ചു. പി.ഐ.ബി. കേരള

RNUTVPM

ലക്ഷദ്വീപ് മേഖല അഡീഷണൽ ഡയറക്ടർ ജനറൽ
വി. പളനിച്ചാമി പരിപാടിയിൽ അധ്യക്ഷത വഹിച്ചു.

*****************************************************

**കേരളപ്പിറവി-കളിയരങ്ങ്**

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ
75-ാം വാർഷികത്തോടനുബന്ധിച്ച് കേരളപ്പിറവി കവിയരങ്ങ്
നാളെ തിരുവനന്തപുരത്ത് നടക്കും. ഐരാണിമുട്ടം തുഞ്ചൻ
സ്മാരകത്തിൽ രാവിലെ 10.30 നാണ് പരിപാടി.
കല്പറ്റ നാരായണൻ, കെ ജയകുമാർ, പ്രമീള ദേവി,
ശ്രീലതാ വർമ തുടങ്ങിയ പ്രശസ്ത കവികൾ കവിയരങ്ങിൽ
പങ്കെടുക്കും.

*****************************************************

**ജമ്മു**

ജമ്മു കശ്മീരിലെ അഖ്നൂർ സെക്ടറിലെ വനമേഖലയിൽ രണ്ട്
ഭീകരരെ കൂടി സുരക്ഷാ സേന ഇന്ന് വധിച്ചു. ഇതോടെ,
നിയന്ത്രണ രേഖയ്ക്ക് സമീപം മണിക്കൂറുകളോളം നീണ്ട
വെടിവയ്പിൽ കൊല്ലപ്പെട്ട ഭീകരരുടെ എണ്ണം മൂന്നായി. സൈന്യവും
പോലീസും സംയുക്തമായി നടത്തിയ ഓപ്പറേഷനിലാണ്
ഭീകരരെ വധിച്ചത്. ഇന്നലെ സൈനിക വാഹനവ്യൂഹത്തിന്
നേരെ ഭീകരർ വെടിയുതിർത്തതിനെതുടർന്ന് മേഖലയിൽ
സൈന്യം ശക്തമായ തിരച്ചിൽ നടത്തുകയായിരുന്നു.

*****************************************************

RNU TVPM

**ഓഹരി + സ്വർണ്ണം**

ഓഹരിവിപണികളിൽ നഷ്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് 121 പോയിൻറ് താഴ്ന്ന് 79,883 ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 41 പോയിൻറ് താഴ്ന്ന് 24,297- ലും വ്യാപാരം തുടരുന്നു. സ്വർണ്ണവിലയിൽ വർദ്ധന. ഗ്രാമിന് 60 രൂപ ഉയർന്ന് 7,375 രൂപയും പവന് 480 രൂപ വർദ്ധിച്ച് 59,000 രൂപയുമാണ് ഇന്നത്തെ വില.

*****************************************************

**പി.ആർ ശ്രീജേഷ്**

മലയാളി ഹോക്കി താരവും, പാരിസ് ഒളിമ്പിക്സ് വെങ്കല മെഡൽ ജേതാവുമായ പി. ആർ ശ്രീജേഷിന് സംസ്ഥാന സർക്കാർ തിരുവനന്തപുരത്ത് നാളെ സ്വീകരണം നൽകും. ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന സ്വീകരണ ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. പാരിസ് ഒളിമ്പിക്സിൽ പങ്കെടുത്ത മലയാളികളായ മറ്റ് കായികതാരങ്ങൾ ഉൾപ്പെടെയുള്ളവരെ ചടങ്ങിൽ ആദരിക്കും.

PNUT/PM

************************

**************************************

*****************************************************